ഉത്തരം

(എ) 2,25,593 കേസ്സുകൾ

(ബി) രാഷ്ട്രീയ കേസ്സുകൾ — 1399

പൊളിറ്റിക്കൽ ക്ലാഷ് — 1388

പൊളിറ്റിക്കൽ മർഡർ — 11

വർഗ്ഗീയ സംഘട്ടനം — 64

ക്രമസമാധാന ലംഘനം — 8361

രജിസ്റ്റർ ചെയ്ത മോഷണ കേസ്സുകൾ

52. [52] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കച്ചവട സ്ഥാപനങ്ങളിൽ നടന്ന മോഷണം എത്ര; വീടുകളിൽ നടന്ന മോഷണം എത്ര;

(സി) ബാങ്ക് മോഷണക്കേസുകൾ എത്ര;

(ഡി) വീടുകളിലും കച്ചവട സ്ഥാപനങ്ങളിലുമായി മൊത്തം എത്ര തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ എത്ര തുകയുടെ സ്വർണ്ണാഭരണങ്ങൾ മോഷണം പോയിട്ടുണ്ടെന്ന് പറയാമോ;

(എഫ്) മോഷണം പോയ സാധനങ്ങളിൽ എത്ര തുകയുടെ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 912.

(ബി) കച്ചവട സ്ഥാപനങ്ങളിൽ നടന്ന മോഷണം - 77.
വീടുകളിൽ നടന്ന മോഷണം - 362.

(സി) ഒന്ന്.

(ഡി) ഏകദേശം 2,55,13,274 രൂപയുടെ മോഷണം നടന്നിട്ടുണ്ട്.

(ഇ) ഏകദേശം 71,49,321 രൂപയുടെ മോഷണം നടന്നിട്ടുണ്ട്.

(എഫ്) 57,87,793 രൂപയുടെ സാധനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly